അനാഥാലയങ്ങൾക്ക് നടപ്പു സാമ്പത്തിക വർഷം 70716391 രൂപ ഗ്രാന്റ് കുടിശ്ശിക അനുവദിച്ചിട്ടുണ്ട്. ബാക്കിയുള്ള ഗ്രാന്റ് കുടിശ്ശിക അധിക ധനാനുമതിയിലൂടെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഗ്രാന്റ് കുടിശ്ശിക നൽകാനുള്ളത് സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

ഭിന്നശേഷി വിഭാഗങ്ങളുടെ സംവരണം

144 (5207) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 5 വർഷ കാലയളവിൽ ഭിന്നശേഷിക്കാർക്ക് സർക്കാർ സർവ്വീസിൽ സംവരണം ചെയ്തിട്ടുള്ള തസ്തികകൾ പൂർണ്ണമായും നികത്തിയിട്ടുണ്ടോ; ഇക്കാര്യത്തിൽ കുടിശ്ശികയുണ്ടോയെന്നറിയിക്കാമോ; കാറ്റഗറി തിരിച്ചുള്ള വിശദാംശങ്ങൾ നൽകാമോ?

വിവരം ശേഖരിച്ചു വരുന്നു.

(ബി) ഭിന്നശേഷിക്കാർക്കായി സംവരണം ചെയ്തിട്ടുള്ളതിൽ സെറിബ്രൽ പാൾസി ബാധിച്ചവർക്കായി എത്ര ശതമാനമാണ് നീക്കി വച്ചിട്ടുള്ളത്; ആയത് പൂർണ്ണമായും നികത്തിയിട്ടുണ്ടോയെന്ന് വിശദാംശങ്ങൾ സഹിതം അറിയിക്കാമോ?

ഭിന്നശേഷി സംവരണത്തിൽ, 1% ലോക്കോ മോട്ടോർ/ സെറിബ്രൽ പാൾസി വിഭാഗങ്ങൾക്കാണ്. ഭിന്നശേഷി സംവരണത്തിനായി അനുയോജ്യമെന്ന് സർക്കാർ കണ്ടെത്തിയിട്ടുള്ള തസ്തികകൾക്ക് ലഭിക്കുന്ന പ്രസ്തുത സംവരണ പ്രകാരം ടി വിഭാഗത്തിന് ലഭ്യമാകേണ്ട ഒഴിവുകൾ പൂർണമായും നികത്തിയിട്ടുണ്ടോ എന്നുള്ള വിവരം ശേഖരിച്ചുവരുന്നു.

സാമൂഹ്യ സുരക്ഷ മിഷന്റെ സാമൂഹ്യ ക്ഷേമ പദ്ധതികൾ

145 (5208) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷ മിഷൻ നടപ്പിലാക്കുന്ന വിവിധ സാമൂഹ്യ ക്ഷേമ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ?

സാമൂഹ്യ സുരക്ഷ മിഷൻ നടപ്പിലാക്കുന്ന വിവിധ സാമൂഹ്യ ക്ഷേമ പദ്ധതികളുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത മിഷൻ മുഖേന മാവേലിക്കര മണ്ഡലത്തിൽ 2016-17 മുതൽ നാളിതുവരെ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

2016-17 മുതൽ സംസ്ഥാനതലത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു.*

സാമൂഹ്യ നീതി വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ വ്യാപിപ്പിക്കാൻ നടപടി

146 (5209) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നതായി പറയപ്പെടുന്ന സാമൂഹിക അസമത്വങ്ങൾക്കെതിരെ കൂടുതൽ ജാഗ്രതയോടെയുള്ള പ്രവർത്തനങ്ങൾക്കായി വകുപ്പിന് കീഴിൽ പുതിയ പദ്ധതികൾ ആരംഭിക്കുമോ; വിശദമാക്കുമോ?

സാമൂഹ്യ അസമത്വങ്ങൾക്കെതിരെ സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങൾ മുഖേന നിരവധിയായ പദ്ധതികൾ ആവിഷ്കരിച്ച് ഫലപ്രദമായി നടപ്പിലാക്കിവരുന്നുണ്ട്. ഇത് സംബന്ധിച്ച് പുതിയ പദ്ധതികളൊന്നും പരിഗണനയിലില്ല.

(ബി) സാമൂഹ്യ സുരക്ഷാ മിഷന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ നടപ്പാക്കുന്ന പുതിയ പദ്ധതികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

സാമൂഹ്യ സുരക്ഷ മിഷന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ നിരവധി പദ്ധതികൾ നടപ്പിലാക്കിവരുന്നു. പുതിയതായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കാനുദ്ദേശിക്കുന്നു.

1) ആങ്കൈലോസിംഗ് സ്പോണ്ടിലൈറ്റിസ്, മൾട്ടിപ്പിൾ സ്ക്ലീറോസിസ് എന്നിവമൂലം ഉണ്ടാകുന്ന വൈകല്യം തടയുന്നതിനുള്ള പദ്ധതി - ശരീരത്തിലെ നട്ടെല്ലിനെയും സന്ധികളെയും പ്രധാനമായി ബാധിക്കുന്ന ഒരു തരം ആർത്രൈറ്റിസ് ആണ് Ankylosing Spondylitis (AS). ഈ രോഗം പ്രധാനമായും യുവതലമുറയെയാണ് ബാധിക്കുന്നത്. ഈ രണ്ടു രോഗങ്ങൾമൂലം ഉണ്ടാകുന്ന വൈകല്യം പ്രതിരോധിക്കുന്നതിനും ചികിത്സിക്കുന്നതിനും വേണ്ടി ഒരു സമഗ്രമായ പദ്ധതി കൊണ്ടുവന്നിട്ടുണ്ട്. ഇതിലൂടെ ആരോഗ്യ സംരക്ഷണരംഗത്തെ പ്രൊഫഷണലുകളിലും പൊതുജനങ്ങളിലും Ankylosing Spondylitis (AS)-നെക്കുറിച്ചുള്ള അവബോധം വർദ്ധിപ്പിക്കുന്നതിനും നേരത്തെ തന്നെ രോഗം നിർണ്ണയിക്കാനും ചികിത്സ നൽകാനും കഴിയുന്നുണ്ട്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly